LIBRARY ARCHIVES Kerala Legislative Assembly

റീ ടെണ്ഡ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. ജീസൺ ജോർജ്ജിന് (യു.പി.എസ്.എ.) പുനർ നിയമനം

21(4625) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ, തൃശ്ശൂർ ജില്ലയിലെ മേലൂർ ആർ.യു.പി.എസ്.-ൽ 2006-ൽ നിയമനം ലഭിച്ച ശ്രീ. ജീസൺ ജോർജ്ജി (യു.പി.എസ്.എ.)-നെ റീടെണ്ഡ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി പുനർനിയമനം നടത്തുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് (G.O. Rt 1415/14/G.Edn-Dated 25-3-2014) ഉണ്ടായിട്ടും ഇതുവരേയും പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 15 അദ്ധ്യാപകരടങ്ങിയ പ്രസ്തുത റീടെണ്ഡ്ഡ് ലിസ്റ്റിൽ നിന്നും 1314 എന്നീ നമ്പർകാർക്ക് നിയമനം ലഭിച്ചിട്ടും 12-ാം നമ്പർകാരനായ ശ്രീ. ജീസൺ ജോർജിന് നിയമനം നൽകാത്തത് പരിശോധിച്ച് ടിയാന് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ അമിതഫീസ്

22(4626) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്. ഇ., ഐ.സി.എസ്.ഇ. മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വിദ്യാഭ്യാസ അധികൃതർക്ക് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ മേഖലയിൽ ഏകീകൃതമായ ഒരു ഫീസ് സമ്പ്രദായം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ?